# ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക?

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി (رحمه الله)*

**ഗ്രന്ഥം:** كيف يجب علينا أن نفسر القرآن الكريم

**വിവർത്തനം:** *മുഹമ്മദ് സിയാദ്*

### ചോദ്യം

ബഹുമാന്യനായ ശൈഖ്, ഒരു ചെറിയ പുസ്തകത്തിൽ ഞാൻ ഒരു ഹദീഥ് കണ്ടു. അത് പറയുന്നത്: ''خذ من القرآن ما شئت لما شئت''. ''ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക.''(1) ഈ ഹദീഥ് സ്വഹീഹാണോ? ഞങ്ങളെ സഹായിക്കുക. അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകട്ടെ.

### മറുപടി

''ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക'' എന്ന ഹദീഥ് ചിലരുടെയിടയിൽ വ്യാപകമായ ഹദീഥാണ്. എന്നാൽ ഖേദകരമെന്നു പറയട്ടെ, സുന്നത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത ഹദീഥുകളിൽ പെട്ട ഒന്നാണിത്. അതുകൊണ്ടു തന്നെ, ഇത് റിപ്പോർട്ട് ചെയ്യുന്നതും നബി(ﷺ)യിലേക്ക് ചേർത്തു പറയുന്നതും അനുവദനീയമല്ല.

കൂടാതെ, സമഗ്രവും വിശാലവുമായ ഈ ആശയം സാധുതയില്ലാത്തതും ഇസ്‌ലാമിക ശരീഅത്തിൽ തീരെ സ്ഥാപിക്കപ്പെടാത്തതുമാണ്. ''ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചു കൊള്ളുക.'' (എന്ന ഹദീഥിലെ ആശയം) ഉദാഹരണത്തിന്, (ഈ ഹദീഥ് സൂചിപ്പിക്കുന്ന പ്രകാരം) എനിക്ക് തൊഴിലന്വേഷിച്ച് പുറത്തൊന്നും പോകാതെ, വീട്ടിനകത്തു തന്നെയിരുന്ന്, എന്റെ നാഥനിൽ നിന്നും–അവൻ വാനലോകത്തു നിന്നും ഇറക്കിത്തരുമെന്ന നിലക്ക് – ഉപജീവനം തേടാം. കാരണം ഖുർആനിൽ നിന്നും എനിക്കിഷ്ടമുള്ളത് ഞാൻ സ്വീകരിക്കുന്നു! ആരാണ് ഇങ്ങനെയൊരു കാര്യം പറയുന്നത്?!

അതിനാൽ, ഇത് നിരർത്ഥകമായൊരു പ്രസ്താവനയാണ്. ഒരു പക്ഷേ, 'തിബാത്താത്' (വിശ്രമസങ്കേതങ്ങൾ) എന്ന് സ്വയം പേർ നൽകി ആ സ്ഥലങ്ങളിൽ ഇരിക്കുന്നതും താമസിക്കുന്നതും പതിവാക്കിയ മടിയന്മാരായ സൂഫികൾ നിർമ്മിച്ച ഒരു കെട്ടുകഥയാകാം ഇത്. ഈ സ്ഥലങ്ങളിൽ അവർ ഒരുമിച്ചു കൂടി ആളുകൾ അവർക്ക് കൊണ്ടുവരുന്ന അല്ലാഹുവിന്റെ ഉപജീവനത്തിന്നായി അവർ കാത്തിരിക്കും. ഇത് ഒരു മുസ്‌ലിമിന്റെ സ്വഭാവമ

(1) സിൽസിലത്തു അഹാദീഥുള്ളഈഫ (557)

ല്ലെന്ന കാര്യം അവർക്കറിയാം. കാരണം ഉത്കർഷേച്ഛയോടെയും അന്തസ്സോടെയും ജീവിക്കാനാണ് നബി(ﷺ) എല്ലാവരെയും പഠിപ്പിച്ചത്. നബി(ﷺ) പറഞ്ഞു:

اليد العليا خير من اليد السفلى فاليد العليا هي المنفقة والسفلى هي السائلة

''മുകളിലുള്ള കൈയാണ് താഴെയുള്ള കൈയേക്കാൾ ഉത്തമം. മുകളിലുള്ള കൈ എന്നത് ചെലവഴിക്കുന്നവനും താഴെയുള്ള കൈ എന്നത് ചോദിക്കുന്നവനുമാണ് (അതായത്, യാചിക്കുന്നവൻ).''[2]

ഈ വിഷയകമായി എന്നെ അത്ഭുതപ്പെടുത്തുന്നത് താപസരും സൂഫികളുമായ ചിലരെക്കുറിച്ച് ഞാൻ വായിച്ച ഒരു കഥയാണ്. ഞാൻ അത് നീട്ടുന്നില്ല. അവരുടെ കഥകൾ നിരവധിയുണ്ട്. അവയെല്ലാം വിചിത്രങ്ങളാണ്.

അവർ വാദിക്കുന്നു. അവരുടെ കൂട്ടത്തിലുള്ള ഒരാൾ ഭക്ഷണ വിഭവങ്ങളൊന്നും കരുതാതെ ഭൂമിയിൽ സഞ്ചരിക്കാൻ ആരംഭിച്ചു. അങ്ങനെ വിശപ്പ് കൊണ്ട് മരിക്കുമെന്ന അവസ്ഥയിലെത്തിയപ്പോൾ അങ്ങകലെ ഒരു ഗ്രാമം അയാളുടെ ശ്രദ്ധയിൽപ്പെട്ടു. അയാൾ അവിടേക്ക് ചെന്നു. അന്ന് വെള്ളിയാഴ്ചയായിരുന്നു. അയാളുടെ വാദപ്രകാരം അയാൾ എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു(തവക്കുൽ)കൊണ്ടാണ് പുറപ്പെട്ടത്. അങ്ങനെ, അയാളുടെ വാദപ്രകാരമുള്ള ആ 'തവക്കുലി'ന് കോട്ടം വരാതിരിക്കുന്നതിന് വേണ്ടി, പള്ളിയിൽ ഒരുമിച്ചുകൂടിയവരുടെ മുമ്പിൽ അയാൾ പ്രത്യക്ഷപ്പെട്ടില്ല. പ്രത്യുത ആരും കാണാതിരിക്കുന്നതിനു വേണ്ടി അയാൾ മിമ്പറിന് കീഴിൽ ഒളിച്ചിരുന്നു. എന്നാൽ, ആരെങ്കിലും തന്നെ കണ്ടുപിടിക്കുമെന്ന് അയാളുടെ മനസ്സ് മന്ത്രിച്ചു കൊണ്ടിരുന്നു. അങ്ങനെ, ഖത്വീബ് ഖുതുബ നിർവഹിച്ചു. ഇയാൾ ആ ജമാഅത്തിനൊപ്പം നമസ്കരിച്ചില്ല! ഇമാമിന്റെ ഖുതുബയും നമസ്കാരവും കഴിഞ്ഞപ്പോൾ ജനങ്ങൾ പള്ളിക്കവാടത്തിലൂടെ ഒറ്റക്കും കൂട്ടായും ഇറങ്ങിപ്പോകാൻ തുടങ്ങി. ജനങ്ങളെല്ലാം പോയിട്ട് പള്ളി ഒഴിഞ്ഞെന്ന് ബോധ്യമായപ്പോൾ അയാൾ വാതിലുകൾ കുറ്റിയിട്ടു. ശേഷം ആഹാരപാനീയങ്ങളില്ലാതെ അയാൾ പള്ളിയിൽ ഒറ്റക്ക് കഴിച്ചുകൂട്ടി. അവിടെയുള്ളവർക്ക് തന്റെ സാന്നിധ്യമറിയിക്കാൻ തൊണ്ട ശരിയാക്കുന്നത് പോലെയുള്ള ശബ്ദമുണ്ടാക്കാനല്ലാതെ, മറ്റൊന്നിനും അയാൾക്ക് കഴിഞ്ഞില്ല. ചിലർ അത് മനസ്സിലാക്കി അയാളുടെയടുക്കലേക്ക് ചെന്നപ്പോൾ കണ്ടത് വിശപ്പും ദാഹവും നിമിത്തം അസ്ഥി മാത്രമായി മാറിയ ഒരു രൂപത്തെയാണ്. അവർ അയാളെ എടുത്തുകൊണ്ട് സഹായിക്കാൻ പുറപ്പെട്ടു.

അവർ അയാളോട് ചോദിച്ചു: ''നിങ്ങളാരാണ്?'' അയാൾ പറഞ്ഞു: ''അല്ലാഹുവിങ്കൽ എല്ലാം തവക്കുലാക്കിയ ഒരു താപസനാണ് (സാഹിദ്) ഞാൻ.'' അവർ ചോദിച്ചു: ''മരണത്തിന്റെ വക്കത്തെത്തിയ നിങ്ങൾക്കെങ്ങനെ 'ഞാൻ അല്ലാഹുവിങ്കൽ ഭരമേൽപിക്കുന്നവനാണെ'ന്ന് പറയാൻ സാധിക്കും?! നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കുന്നയാളാണെങ്കിൽ(സഹായം) ചോദിക്കുകയോ, തൊണ്ട ശരിയാക്കുന്ന ശബ്ദമുണ്ടാക്കി നിങ്ങളുടെ സാന്നിധ്യം ജനങ്ങളെ അറിയിക്കുകയോ ചെയ്യില്ലായിരുന്നു. നി ങ്ങളുടെ പാപവുമായി നിങ്ങൾ മരിച്ചു പോകുമായിരുന്നു!''

ഇതുപോലുള്ള ഹദീഥുകൾ സ്വീകരിക്കുന്നത് നിമിത്തം എത്തിപ്പെടുന്ന അവസ്ഥക്കുള്ള ഒരു ഉദാഹരണമാണിത്: ''ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക.''ചുരുക്കത്തിൽ ഈ ഹദീഥിന് അടിസ്ഥാനമൊന്നുമില്ല.

[2] ബുഖാരി (1429). ഈ പദങ്ങൾ അദ്ദേഹത്തിന്റേതാണ്. (മുസ്‌ലിം :1033)